For Faith & Traditions

# Weekend Bulletin
## Knanaya Catholic Mission, Chicago

April 02, 2006, Vol. 1, Issue 27
www.knanayamission.org/chicago/bulletin.htm



പുതിയ തലമുറ ഏറെ സന്തോഷത്തോടെ ദൈവാലയ നിർമ്മാണ ഫണ്ടിലേക്കു സംഭാവനയുമായെത്തിയപ്പോൾ.








ആഡിസണിലും ചിക്കാഗോയിലും നടന്ന തൈലാഭിഷേക ശുശ്രൂഷയുടെ ചിത്രങ്ങൾ.









## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254
(773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
(847) 293-9409
Sunny Thekkeparambil
(847) 673-6586
**Addison**: James Manjankal
(630) 758-1716
Baby Karikkal, (630) 379-8622

**SECRETARY & PRO**
George Thottappuram
(847) 975-9239

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam,

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
(847) 533-8520
Secretary: Anna Kulangara
**Addison**: Tonny Pullappally
(630) 205-5078
Secretary: Veena Jose Kaniyaly

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Tito Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**ADULT MINISTRY**
Jose Thazhathuvettathu

**WOMEN MINISTRY**
Mercy Idiyalil

**SENIOR CITIZENS MINISTRY**
Joy Choottuvelil, Joy Nediyakalayil
Joy Chemmachel

## SATURDAYS

St. Joseph Church School Hall
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

## SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.

## NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

## NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

April 2006

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

## Schedule of Events

SATURDAY, APRIL 01, 2006
RETREAT continues from 9:30 A.M. to 4:30 P.M.
No Religious Education School and Youth Seminar at Addison Today
No Holy Mass at Addison today because of retreat.

SUNDAY, APRIL 02, 2006
RETREAT continues from 9:30 A.M. to 4:30 P.M.
Holy Mass at OLV Church Upper level at 5:30 P.M.

MONDAY, APRIL 03, 2006
RETREAT FOR WOMEN at Community Center from 6:30 P.M. to 9:30 P.M.

TUESDAY, APRIL 04, 2006
RETREAT FOR SENIOR CITIZENS at Community Center at 6:30 P.M. to 9:30.

THURSDAY, APRIL 06, 2006
Mass, Novena, and Benediction at Community Center at 7:00 P.M.

SATURDAY, APRIL 08, 2006
Youth Seminar at Addison from 2:45 P.M. to 4:45 P.M.
Religious Education Class at Addison from 3:45 P.M. to 4:45 P.M.
PALM SUNDAY Service at Addison at 5:00 P.M.

PALM SUNDAY, APRIL 09, 2006
Youth Seminar at OLV Chicago from 3:00 P.M. to 5:00 P.M.
Religious Education Class at OLV from 3:30 P.M. to 4:30 P.M.
PALM SUNDAY Service at OLV starting from School Hall at 5:00 P.M. followed by procession to church continuing with Holy Mass.

HOLY THURSDAY, APRIL 13, 2006
PASSOVER at OLV Upper Church / School Hall at 9:00 P.M. followed by Passover Meal at School Hall.
No Novena at Community Center Today.

GOOD FRIDAY, APRIL 14, 2006
Pilgrimage from Community Center at 9:30 A.M. to Carmelite Fathers, 1628 Ridge Road, Munster, Indiana 46321 for Stations of the Cross.
Confession, Message by Fr. Joy Cherpunkal OCD for adults and Fr. James Kulangara for children, and Stations of the Cross at Indiana for Adults and Religious Education Students. Lunch at Community Center.
GOOD FRIDAY SERVICE AT OLV Upper Church at 9:00 P.M.

# MISSION DIRECTOR'S COLUMN

## തിരുക്കർമ്മങ്ങൾക്ക് സ്വന്തം പള്ളി



നമ്മിൽ മിക്കവരും അമേരിക്കയിൽ വന്നപ്പോൾ ആദ്യം അപ്പാർട്ടുമെൻറിൽ വാടകക്കു താമസിച്ചു. എന്നാൽ മെച്ചപ്പെട്ട ജീവിതത്തിനു വേണ്ടി നം എത്രയും വേഗം സ്വന്തം ഭവനം വാങ്ങി. ഇരുപത്തഞ്ചു വർഷമായിട്ട് നമ്മുടെ മിഷൻ ഇന്നും വാടക പള്ളിയിലും ബേസ്മെൻറിലും കെട്ടിട ഉടമകൾക്ക് അസ്വസ്ഥതയും നമുക്ക് മനോവ്യഥയുമുണ്ടാക്കി തുടരുകയാണ്.

നമ്മുടെ സൗകര്യത്തിനനുസ്സരിച്ച് തിരുകർമ്മങ്ങളുടെ സമയം ക്രമീകരിക്കുവാനോ മദ്ബഹാ സംവിധാനം ചെയ്യുവാനോ നമുക്ക് കഴിയുന്നില്ല. നമ്മുടെ പള്ളിയെന്നോ മതബോധന സ്കൂളെന്നോ പറയുവാൻ നമുക്ക് കഴിയുന്നില്ല. അമേരിക്കൻ പള്ളിക്കാരുടെ താല്ക്കാലിക ഔദാര്യത്തിൽ കഴിയുന്ന നമ്മെ എന്നാണ് അവർ കൈവെടിയുക എന്നറിയില്ല. ചെയ്തതും ചെയ്യാത്തതുമായ കൊച്ചു കൊച്ചു തെറ്റുകൾക്ക് ആരോപണങ്ങ ഉറ്റുവാങ്ങിയും കുടിയിറക്കു ഭയത്തിലും ഇനിയും നാം തുടരണമോ. തീരുമാനിക്കേണ്ടതു നമ്മളാണ്. ആരുടേയും ഔദാര്യമില്ലാതെ അഭിമാനത്തോടെ സ്വന്തം പള്ളി വാങ്ങി ഇടവകയോ ഫൊറോനായൊ ആക്കുവാൻ നമുക്ക് ദൈവം കഴിവു തന്നിട്ടില്ലേ? എന്നിട്ടും നമ്മുടെ ദൈവത്തെ അവഗണിച്ചു കഴിയാനാകുമൊ?

നമ്മുടെ തിരുകർമ്മങ്ങളിൽ പലതും സ്വന്തം ഇടവക ദൈവാലയത്തിലാണു നടത്തേണ്ടത്. പ്രവേശക കൂദാശകളായ മാമ്മോദീസാ, തൈലാഭിഷേകം, പ്രഥമ ദിവ്യകാരുണ്യ സ്വീകരണം എന്നിവ സ്വന്തം ഇടവക ദൈവാലയത്തിൽ കടമുള്ള ദിവസത്തെ ദിവ്യബലി മദ്ധ്യേ ഇടവക ജനങ്ങളോടു ചേർന്നാകണം എന്നതാണ് സഭയുടെ നിയമം. നമ്മുടെ ധ്യാനം, ആരാധന, കുരിശിൻെറ വഴി, കുമ്പസാരം, തിരുനാളുകൾ തുടങ്ങിയവ ഇടവക പള്ളിയിലാകുന്നതാണ് അഭികാമ്യം. ദാമ്പത്യ ജീവിതമാരംഭിക്കുവാൻ ജീവിത പങ്കാളിയുമായി ഉടമ്പടി വക്കുന്നത് സ്വന്തം ഇടവകകളിലല്ലേ നാം നടത്തിപ്പോന്നത്. മരിച്ചടക്കിന് ദൈവാലയത്തോടും, ഇടവകസമൂഹത്തോടും, പുരോഹിതരോടും യാത്ര പറയുന്ന വികാര നിർഭരമായ ചടങ്ങ് നടക്കേണ്ടത് സ്വന്തം പള്ളിയിലല്ലേ?

വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്ക് സ്വന്തം രൂപതയെന്ന നമ്മുടെ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ ബോധപൂർവ്വം പടിപടിയായി നാം നീങ്ങണം. അതിനു ക്നാനായക്കാരുള്ളടുത്തെല്ലാം പ്രതിവാര മതപഠന ക്ലാസ്സുകളും കുർബാനയും ഉണ്ടാകണം. മിഷനുകൾ സ്വന്തം ദൈവാലയങ്ങൾ വാങ്ങി ഇടവകകളാകണം. നമുക്കനുവദിച്ച ഫൊറോനാ നാം വികസിപ്പിക്കണം. അപ്പോൾ സ്വന്തം രൂപതക്കായി നാം മാർപ്പാപ്പയോടപേക്ഷിക്കണം. ഈ ലക്ഷ്യബോധ ത്തോടെ നമുക്കൊത്തൊരുമിച്ച് മറ്റുള്ളവർക്കു മാതൃകയും നമുക്കഭിമാനവുമായി കോട്ടയം അതിരൂപതക്കു വെളിയിൽ പ്രഥമ ദൈവാലയം ചിക്കാഗോയിൽ സ്ഥാപിക്കാം. അതിന് ഉദാരമായി പണം നല്കിയും പരസ്പരം പ്രോത്സാഹിപ്പിച്ചും സഹകരിക്കുക. അതിനുള്ള പ്രതിഫലം നൂറിരട്ടിയായി ദൈവാലയത്തിലൂടെ നമുക്കും നമ്മുടെ വരും തലമുറക്കും ദൈവം നല്കും.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്.

## നുറുങ്ങുവെട്ടം

**വാടക കൊട്ടാരത്തിൽ
അന്യരുടെ നിയന്ത്രണത്തിൽ -
വസിക്കുന്നതിനേക്കാൾ
എത്രയോ അഭികാമ്യമാണ്
സ്വന്തം കുടിലെങ്കിലും കെട്ടി
സ്വാതന്ത്ര്യത്തോടെ സഹവസിക്കുന്നത്.**




## വനിതകൾക്കും സീനിയർ സിറ്റിസൺസിനും വിശേഷാൽ ധ്യാനം




വനിതകൾക്കുവേണ്ടി ഏപ്രിൽ മൂന്നാം തീയതി തിങ്കളാഴ്ചയും 60 വയസ്സിനുമേൽ പ്രായമുള്ളവർക്ക് നാലാം തീയതി ചൊവ്വാഴ്ചയും കമ്മ്യൂണിറ്റി സെൻററിൽ വച്ച് 6:30 മുതൽ 9:30 വരെ പ്രത്യക ധ്യാനം ഉണ്ടായിരിക്കും. നീണ്ടൂർ പള്ളിവികാരി റവ. ഫാ. ജേക്കബ് കുറുപ്പിനകത്ത് നയിക്കുന്ന ഈ ധ്യാനങ്ങളിലേക്ക് അതാതു വിഭാഗങ്ങളിൽപെട്ടവരെ സ്വാഗതം ചെയ്യുന്നു.

## ദൈവലയ കൂദാശ ജൂലൈ 15ന്



***ദൈവം അനുവദിച്ചാൽ നാം വാങ്ങുവാനുദ്ദേശിക്കുന്ന ദൈവാലയം ജൂലൈ 1 മുതൽ നമുക്കു സ്വന്തമാകും. അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ സൗകര്യാർത്ഥം ജൂലൈ 15-നാണ് പള്ളികൂദാശ ഉദ്ദേശിക്കുന്നത്. ജൂലൈ 15, 16 തീയതികൾ ജോലിയിൽനിന്ന് ഒഴിവെടുക്കുവാൻ ശ്രദ്ധിക്കുക.***

***നമ്മൾ ഉദ്ദേശിച്ചതിനേക്കാൾ ധൃതഗതിയിൽ ദൈവാലയ നിർമ്മാണ ഫണ്ടിലേക്കു സംഭാവന ലഭിക്കുന്നുണ്ട്. എങ്കിലും ജൂൺ 15നകം ഒന്നര മില്യൺ ഡോളർ നാം സമാഹരിക്കണം. പിരിവിനുള്ള കമ്മറ്റിക്കാർ നിങ്ങളെ സമീപിക്കും. അതുവരെ കാത്തിരിക്കാതെ എല്ലാവരും ഒന്നിച്ചോ തവണകളായോ ദൈവാലയത്തിൽ കൊണ്ടുവന്നു ദൈവത്തിനു കാഴ്ചയായി സംഭാവന സമർപ്പിക്കുക. സഹകരിച്ചുകൊണ്ടിരിക്കുന്നവർക്ക് പ്രത്യേകം നന്ദി.***

***എന്ന് മിഷൻ ഡയറക്ടർ***

## Weekly Collections

| | |
|---|---|
| March 25th at Addison | 139.00 |
| Building Fund Collection at Addison on 25th | 1,110.00 |
| March 26th at OLV Chicago | 1,381.80 |
| Building Fund Collection at OLV on 26th | 61,037.00 |
| Balance in Church Building Fund | 224,018.24 |

*You may contribute every weekend after Holy Mass.
Thank you for your support.*

# ക്നാനായ കുടിയേറ്റ ഗാനങ്ങൾ: മനസ്സുകളിലേക്ക് പകരുന്ന സംഗീതധാര



**ബിനു ചിലമ്പത്ത്**

ക്രിസ്ത്വാബ്ദം 345. കേരള ചരിത്രത്തിലെ അവിസ്മരണീയ കാലഘട്ടം. ചേരരാജ തലസ്ഥാനമായ മുസിരിസ് എന്ന പേരിൽ വിദേശികൾക്കിടയിൽ അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂർ. 72 കുടുംബങ്ങളിൽപ്പെട്ട 400 ആളുകളുമായി കിനായിത്തോമ്മാ ഇവിടെ മുസിരിസ് തുറമുഖത്ത് വന്നെത്തി. കേരള ചരിത്രത്തിലെ ക്നാനായ കുടിയേറ്റം! വൈദേശിക കച്ചവടക്കാരായ കുടിയേറ്റക്കാർക്കും അവരുടെ നേതാവായ കിനായിതോമ്മാക്കും രാജകീയ സ്വീകരണം ലഭിച്ചു. അവർക്കുവേണ്ടി തെക്കും ഭാഗം ഒരുങ്ങി. പൂരങ്ങൾ അനുവദിച്ചു. ആരാധനക്കായി പള്ളിയും വകകളും ഒരുക്കി. ഇത് കിനായിത്തോമ്മാക്കും കൂട്ടർക്കും അനുവദിക്കപ്പെട്ട ഹൃദ്യമായ സ്വീകരണം.

ക്നായിത്തോമ്മാ അല്പകാലംകൊണ്ട് ചേരമാൻ പെരുമാളിൻെറ ഇഷ്ടപാത്രമായി. അധികാരങ്ങളും അവകാശങ്ങളും പദവികളുമുള്ള കോചേരമാൻ എന്ന സ്ഥാനപ്പേരുള്ള പ്രഭുവായി. രാജ്യാന്തര വ്യാപാരം വഴി ചേരരാജ്യത്തിനു സാമ്പത്തിക അഭിവൃദ്ധി ഏറിവന്നു. കിനായിത്തോമ്മായും കൂട്ടരും അങ്ങനെ കേരള ചരിത്രത്തിൻെറ ഭാഗമായി. കേരളത്തിലെ ക്നാനായ സമുദായത്തിൻെറ പുനരുദ്ധാരണത്തിൻെറ തുടക്കം.

കിനായിത്തൊമ്മൻെറ വരവും സഭോദ്ധാരണത്തിൻെറ വിജയവീഥികകളും പ്രകീർത്തിക്കുന്ന പള്ളിപ്പാട്ടുകളും പാണൻ പാട്ടുകളുമുണ്ട്. കിനായിത്തൊമ്മൻെറ പ്രയത്നഫലമായി മലങ്കര വിശ്വാസികൾക്ക് ലഭിച്ച പദവികളും നേട്ടങ്ങളും പ്രകീർത്തിക്കുന്ന ഗാനങ്ങൾ അക്രൈസ്തവരായ പാണന്മാർ ഇന്നും പാടിപ്പോരുന്നു. ക്നാനായ സമുദായത്തിൻെറ തനയായ പാരമ്പര്യത്തിൻെറ ജീവസ്സ് ഈ പാട്ടുകളിൽ കാണാം.

കലയും സാഹിത്യവും അനുഷ്ഠാനവും ഒരു ജനതയുടെ പുരോഗതിക്ക് ഒഴിച്ചുകൂടാനാവത്തതാണ്. വംശഗീഥികൾ ചുണ്ടുകളിൽ നിന്നും കാതുകളിൽ നിന്നും സംക്രമിക്കണം. ക്നാനായക്കാരുടെ വിജയഗീഥികൾ പാണൻ പാട്ടുകളിലും പള്ളിപ്പാട്ടുകളിലും മാത്രം ഒതുങ്ങിക്കൂടാ. ഈ വംശേതിഹാസം സഭാ വിശ്വാസികൾക്കു പോലും പരിചിതമല്ല. കാലത്തിൻെറ ഒഴുക്കനുസ്സരിച്ച് സമീപനങ്ങളിൽ മാറ്റം വരണം.

കിനായിത്തൊമ്മൻെറ വിജയകഥ ക്നാനായ കുടിയേറ്റത്തിൻെറ വിജയം മാത്രമല്ല. കേരളത്തിലെ എല്ലാ ക്രിസ്തീയരുടേയും വിജയഗാഥയാണ്. മിശിഹാ തമ്പുരാൻെറ നാമവും വചനവും ഉച്ചരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും അഭിമാനം കൊള്ളുവാനുള്ള ചരിത്രമാണ്.

***ഇതാ ക്നാനായ കുടിയേറ്റത്തിൻെറ ഉജ്ജ്വല ചരിത്രം ഗാനരൂപത്തിൽ എത്തിയിരിക്കുന്നു. ചിക്കാഗോ ക്നാനായ കാത്തലിക്ക് മിഷൻ അവതരിപ്പിക്കുന്ന "ക്നാനായ കുടിയേറ്റഗാനങ്ങൾ."***

**ക്നാനായ സഭാചരിത്രത്തിൽ ഇത്തരം ഒരു സംരംഭം അഭിനന്ദനീയമാണ്. ഇത് വെറും കാസറ്റ് ഗാനങ്ങളല്ല. സഭാതിർത്തി കളില്ലാതെയും മതഭേദങ്ങൾ കൂടാതെയും ആരെയും ആകർഷിക്കുന്നവയാണ്. നൃത്തങ്ങൾക്കും ചുവടുകൾക്കും പാടിപ്പാടി രസിക്കുന്നതിനും ചേരും വിധം ചിട്ടപ്പെടുത്തിയവയാണ്.**

ഇതിൻെറ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്ന ഫാദർ മാർട്ടിൻ വരിക്കാലിക്കിനെ ആദ്യമേ അഭിനന്ദിക്കട്ടെ. അർത്ഥരഹിതവും വിരസവുമായ, കോലാഹലങ്ങളില്ലാതെ അറിവും ആനന്ദവും ആത്മീയതയും ഉണർത്തുവാൻ ഈ പാട്ടുകൾക്ക് കഴിയും.

ഒരു ഗാനം കേട്ടാൽ അതിൽ ഒരു വരി നാമറിയാതെ മറ്റൊരിക്കൽ മൂളുന്നുവെങ്കിൽ ആ ഗാനം നമ്മെ തൊട്ടു എന്നു പറയാം. ഇന്ന് ഉള്ളിൽ തട്ടുന്ന ഗാനങ്ങൾ, അറിയാതെ മൂളിപ്പോവുന്ന ഗാനങ്ങളില്ല. കാതടിപ്പിക്കുന്ന ഒച്ചയോടെ പാടുന്നവർ സ്വയം കയ്യടിക്കുകയും കേൾക്കുന്നവനും കാണുന്നവനും അന്ധാളിച്ച് ബുദ്ധിമുട്ടുകയുമാണു ചെയ്യുന്നത്. ഇന്നത്തെ കാസ്സറ്റ് കമ്പോളങ്ങളിലെ 'തട്ടിക്കൂട്ടൽ' അല്ല 'ക്നാനായ കുടിയേറ്റ ഗാനങ്ങൾ.' സഭാ വിശ്വാസികളായ ക്രിസ്തുവിൻെറ വഴിയെ നടക്കുന്ന ഏതൊരാളും വിഭാഗിയത കൂടാതെ കേൾക്കേണ്ടതാണ് ഈ ഗാനങ്ങൾ. ഇത് ഒരു മുന്നേറ്റ ഗാനമാണ്. കർത്താവിനു കീഴ്പ്പെട്ടു ജീവിക്കുന്നവൻ അറിഞ്ഞിരിക്കേണ്ടതുമാണ്.

ഈ സീഡിയിൽ ആറു പാട്ടുകളാണുള്ളത്. ക്നാനായ സഭാ ചരിത്രവും നിയോഗവും കിനായിത്തൊമ്മൻെറ വിജയകഥകളും മനോഹരമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. രചനയും സംഗീതവും ഒരാളിലൂടെ തന്നെ കടന്നുവന്നപ്പോൾ ഈ ഗാനങ്ങൾ കർണ്ണാനന്ദകരവും വംശാഭിമാന പുളകിതവുമയിത്തീരുന്നു. സംഗീതവും സാഹിത്യവും ഒത്തുചേരുന്നതുപോലെ തന്നെ ഇത് അറിവും ഉൾക്കാഴ്ചയും പകർന്നു തരുന്നു.

പോകുവിൻ ലോകമെങ്ങും സുവിശേഷ സന്ദേശവുമായി എന്ന ഗാനം ക്നാനായ കുടിയേറ്റ പശ്ചാത്തലമാണ് അവതരിപ്പിക്കുന്നത്. ക്രിസ്തുനാഥൻെറ നിർദ്ദേശാനുസരണം തോമ്മാ ശ്ലീഹാ ഭാരതത്തിൽ സുവിശേഷം പ്രസംഗിക്കുന്നതാണ് ആദ്യ ഗാനത്തിൽ.

അറബിഗാനത്തിൻെറ താളലയത്തോടെയുള്ള രണ്ടാമത്തെ ഗാനം പുരോഹിത

(Continued on page 5)

*(Continued from page 4)*
നേതൃത്വമില്ലാത്ത അന്നത്തെ ഭാരതസഭയുടെ ശോച്യാവസ്ഥയും അതു പരിഹരിക്കുവാൻ തൊമ്മൻ കിനാൻെറ നേതൃത്വത്തിൽ മാർ യൗസേപ്പുമെത്രാനെയും വൈദികരെയും മറ്റു കുടിയേറ്റ സംഘത്തെയും അയക്കുന്നതും ചിത്രീകരിക്കുന്നു.

കിഴക്കിൻെറ കസോലിക്കായുടെ നിർദ്ദേശാനുസരണം കുടിയേറ്റ സംഘം കൊടുങ്ങല്ലൂരിലേക്കു പുറപ്പെടുന്നതാണ് മൂന്നാമത്തെ ഗാനം. വിഷാദ ഭാവവും രാഗവുമുള്ള ഈ ഗാനം ഹൃദയ ദ്രവീകരണക്ഷമമാണ്. ക്നാനായക്കാർ ഒന്നിച്ച് നിൽക്കണമെന്ന ആഹ്വാനം ഈ ഗാനത്തിലൂടെ കേൾക്കാം. ഇസ്രായേൽ ജനതയെ കാത്ത ദൈവം ശക്തൻ. സ്വന്തം ജനമായി കാക്കും നിങ്ങളെ എക്കാലവും എന്ന ശുഭാപ്തി വിശ്വാസം ഈ നൊന്തു പാടുന്ന ഈണത്തിലുണ്ട്. ഈശ്വരനോടു ചേരാനും അപേക്ഷിക്കുവാനും വഴികൾ പലതുണ്ട്. സ്നേഹം, ത്യാഗം, കരുണ, വിരക്തി, കണ്ണീർ എല്ലാം ആ വഴികളാണ്. നൊന്തു വിളിക്കുന്നവനെ കാണാതിരിപ്പാൻ ആ കർത്താവിന് ആവില്ലല്ലോ.

'ദൂരെയായ് കടലല....' എന്നു തുടങ്ങുന്ന ഗാനം മഞ്ജരിയാണ് പാടിയിരിക്കുന്നത്. കുടിയേറ്റക്കാർ കൊടുങ്ങല്ലൂരിൽ വന്നിറങ്ങുന്നതും കിനായിത്തൊമ്മൻ ചേരമാൻ പെരുമാളിനെ വന്നു കാണുന്നതും പെരുമാൾ അദ്ദേഹത്തിനും കൂട്ടർക്കും താമസിക്കാൻ തെക്കുംഭാഗത്തുള്ള സ്ഥലം കൊടുക്കുകയും ചെയ്യുന്നതാണു പ്രതിപാദ്യം. തെക്കുംഭാഗർ എന്ന പേരിനു അർഹമായ ചരിത്രം ഈ ഗാനത്തിൽ തെളിഞ്ഞു വരുന്നുണ്ട്. ഇത് നമ്മുടെ സ്വപ്നഭൂമി എന്ന ശുഭാപ്തി വിശ്വാസം ഈ ഗാനം ശ്രോതാവിൽ ഉണർത്തുന്നു.

'രാജസദസ്സ് ഉണർന്നു' എന്ന ക്ലാസിക്കൽ ഗാനം കിനായിത്തൊമ്മനു രാജകീയ പദവികൾ സമ്മാനിക്കുന്ന ചടങ്ങിൻെറ വാങ്മയ ചിത്രമാണ്. നൃത്തചുവടുകളുടെ മനോഹാരിത വാക്കുകളിലൂടെ പ്രകടമാക്കുന്നതാണ് ഈ ഗാനം. എഴുപത്തിരണ്ടു പദവികൾ ഇതിൽ വിസ്തരിച്ചിട്ടുണ്ട്. താളവും ചുവടും നൃത്തത്തിൻെറ വശ്യതക്ക് ഉപകരിക്കുന്ന വിധം സമനയിപ്പിച്ചിരിക്കുന്നു. കുട്ടികൾക്കും ചെറുപ്പക്കാർക്കും അരങ്ങുകളിൽ മത്സരത്തിനും വിനോദത്തിനുമായി നൃത്തമായി അവതരിപ്പിക്കാവുന്നതാണ്. ഈ ഗാനം.

കോട്ടയം രൂപതയുടെ രൂപീകരണവും ക്നാനായ സഭക്കു കൈവന്ന ഉണർവ്വും ആത്മാഭിമാനത്തോടെ പ്രസ്താവിക്കുന്ന ഗാന മാണ് 'നൂറ്റാണ്ടുകളായി' എന്നു തുടങ്ങുന്നത്. മർക്കോസിൻെറ ശ്രുതിമധുരമായ ശാരീരം ധന്യമാക്കുന്ന ഈ ഗാനം ഏതൊരു കാതിനും മധുരമായിരിക്കും. 'സഭയാമാരാമത്തിൽ വിടർന്നു സുന്ദരമാം പുതുപുഷ്പം' 'ക്നാനായ മക്കൾക്ക്...' 'മക്കളെ മറക്കരുതീകഥ' എന്ന വരികൾ നമ്മെ പിടിച്ചു നിർത്തുന്നു. കഴമ്പുള്ള മധുരഗീഥം. ശരിയാണ് മറക്കില്ല ആരും ഈ കഥ.

ക്നാനായ കാത്തലിക്ക് മിഷൻ ചിക്കാഗോയുടെ ബാനറിൽ പ്രസിദ്ധീകൃതമായിരിക്കുന്ന ഈ ഗാനോപഹാരം ക്നാനായ സഭാചരിത്രത്തിൻെറ ഭാഗമായി മാറും. കുടിയേറ്റ ചരിത്രം പുത്തൻ തലമുറക്ക് ആവേശമാകുമെന്നതിനു സംശയമില്ല. ഫാ. മാർട്ടിൻ വരിക്കാനിക്കലിനും ചിക്കാഗോ മിഷൻ ഡയറക്ടർ ഫാ. ഏബ്രാഹം മുത്തോലത്തിനും ക്നാനായ സമുദായത്തിനും അഭിമാനിക്കാവുന്നതാണ് ഈ ഗാനങ്ങൾ. മനോഹരമായ സംഗീതവും രചനയും പാലും പഞ്ചസാരയും പോലെ ഭാവത്തിന് അനുസ്സരിച്ചുള്ള സംഗീതവും പശ്ചാത്തലവും. മർക്കോസ്, കെസ്റ്റർ, മഞ്ജരി, മധുബാലകൃഷ്ണൻ എന്നീ അനുഗ്രഹീതരായ യുവഗായകരുടെ നാദമധുരം ടോണി വട്ടക്കുഴിയുടെ മികച്ച അവതരണം. ഇനിയെന്തുവേണം... ഈ കുടിയേറ്റഗാങ്ങൾ ജാതിഭേദ മില്ലാതെ, അതിരുകളില്ലാതെ മനസ്സുകളിലേക്ക് കുടിയേറുവാൻ!

**എല്ലാ വിഭാഗക്കാർക്കും ഒരുപോലെ ഈ മധുര ഗാനങ്ങൾ ഇഷ്ടപ്പെടും, തീർച്ച. മനസ്സുള്ളവരും സഹൃദയരും മാർഗ്ഗം പഠിച്ചവരും മശിഹാ തമ്പുരാൻെറ വഴിയെ നടക്കുന്നവരുമായ ആരും ഈ ഗാനങ്ങൾ വാങ്ങും, കാതോർത്തിരിക്കും.**



# ARCHBISHOP MAR KURIAKOSE KUNNACHERRY
## VISITING CHICAGO FOR FEAST AND CHURCH CONSECRATION

Our beloved former Archbishop of Kottayam Mar Kuriakose Kunnacherry has kindly accepted the invitation of Knanaya Catholic Mission, Chicago to officiate the Feast of the Most Sacred Heart of Jesus from May 25 to 28 and consecration of our church on July 15, 2006. His personal staff Mr. Babu M. Simon will accompany him to take care of his personal needs.


BABU SIMON



# വിശുദ്ധ വാര കർമ്മങ്ങൾ




**ഓശാന:** ഏപ്രിൽ 8 ശനിയാഴ്ച വൈകുന്നേരം 5:00ന് ആഡിസണിൽ കുരുത്തോല വെഞ്ചരിപ്പും ദിവ്യബലിയും. ഏപ്രിൽ 9 ഞായർ വൈകുന്നേരം 5:00 മണിക്ക് ചിക്കാഗോ ഓ.എൽ.വി. സ്കൂൾ ഹാളിൽ കുരുത്തോല വെഞ്ചരിപ്പ്, പള്ളിയിലേക്കു പ്രദക്ഷിണം, ദിവ്യബലിയുടെ ബാക്കി ഭാഗം.




**പെസഹാ വ്യാഴം:** ഏപ്രിൽ 13ന് 9:00 മണിക്ക് ഓ.എൽ.വി. യിൽ കാലുകഴുകൽ ശുശ്രൂഷ, കുർബാന, തുടർന്ന് സ്കൂൾ ഹാളിൽ പെസഹാ അപ്പം മുറിക്കൽ. അപ്പവും പാലും കൊണ്ടുവരുവാൻ സന്മനസ്സുള്ളവർ കൈക്കാരന്മാരെ നേരത്തെ വിവരമറിയിക്കുക.




**ദുഃഖവെള്ളി:** രാവിലെ 9:30 കമ്മ്യൂണിറ്റി സെൻററിൽനിന്ന് ഇൻഡ്യാനായിലേക്ക് യാത്ര തിരിക്കുന്നു. മതബോധന സ്കൂളിലെ കുട്ടികൾക്ക് മതാദ്ധ്യാപകരുടെയും മാതാപിതാക്കളുടെ പ്രതിനിധികളുടെയും നേതൃത്വത്തിൽ പ്രത്യേക ക്രമീകരണം ഉണ്ടായിരിക്കും. ഇൻഡ്യാനായിലെ ആശ്രമ ദൈവാലയത്തിൽ കുമ്പസാരം, ധ്യാന പ്രസംഗം, കുരിശിന്റെ വഴി എന്നിവയ്ക്കുശേഷം കമ്മ്യൂണിറ്റി സെൻററിൽ ഉച്ചഭക്ഷണം. വിലാസം: Carmelite Fathers, 1628 Ridge Road, Munster, Indiana 46321.

രാത്രി 9:00 മണിക്ക് ഓ.എൽ.വി. പള്ളിയിൽ ദുഖവെള്ളിയുടെ തിരുക്കർമ്മങ്ങൾ.




**ഉയർപ്പു തിരുന്നാൾ:** ഏപ്രിൽ 15 ശനി രാത്രി 10:30ന് ഓ.എൽ.വി. പള്ളിയിൽ ആഘോഷമായ ഈസ്റ്റർ തിരുക്കർമ്മങ്ങൾ. പിറ്റേന്നു ഞായറാഴ് കുർബാന ഉണ്ടായിരിക്കുന്നതല്ല.

## പരസ്യങ്ങൾ സ്വാഗതം ചെയ്യുന്നു

**മരണ വാർഷികം, വിവാഹ വാർഷികം, ജൂബിലി, ജന്മദിനം തുടങ്ങിയ അവസരങ്ങളിൽ ആശംസ നേർന്നുകൊണ്ടോ ഉപകാരസ്മരണയായോ ബിസിനസ് സംബന്ധമായോ പരസ്യങ്ങൾ നല്കാം.**

### DVDs & CDs OF RELIGIOUS EDUCATION FESTIVAL

DVD video of our Religious Education Festival and Audio CD of Knanaya Migration Ballet held on March 4th at Thaft High School are available. Please purchase your copy for $10 each towards the production cost.

### READERS / LECTORS — നോമ്പു കാലം

| APRIL 1 & 2 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1st Reading | Jeremiah 31:31-34 | No Mass | Sheril Kulangara |
| 2nd Reading | Hebrews 5:7-9 | No Mass | Alex Puthenpura |
| APRIL 8 & 9 | | | |
| 1st Reading | Genesis 49:1-11 | Diana Kanjirathumkal | Ashly Puthenpuraylil |
| 2nd Reading | Zechariah 9:9-10 | Thomas Paicattu | Anupama Puthenpurayil |





Students and teachers of Eighth Grade in the Religious Education School at OLV Chicago

Please support our advertisers who make this bulletin available for us. Limited space is available for Classified Advertisements.

RN Review

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

ExcelRn
1460 Renaissance
Ste # 208
Park Ridge IL 60068
Call : (630) 742 7202

www.excelrn.com

Your Advt. Here

Century 21
Castles By King, Ltd.
7516 Cass Ave. (Brookhaven Plaza)
Darien, Illinois 60561
Business (630) 964-6400
Fax (630) 964-6459
Cell (630) 430-1730



Lukose (Luke) K. Kalladanthyil
Broker
*Each Office is Independently Owned and Operated*



Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.
4313 W. Irwing Park, Chicago, IL 60641
ALEX MULLAPPALLIL
REALTOR CONSULTANT



Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516
Specializing in: Gas Stations, Investments, Commercial, & Residential.
Illinois Residential Mortgage Licensee

COLDWELL BANKER



MARTIN & MARBRY
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)
Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)

LINCOLNWOOD
MORTGAGE SERVICES, INC.



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

